**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5105** **20-07-2022 - ൽ മറുപടിയ്ക്ക്**

**ഭവന നിർമ്മാണ ബോർഡിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ . പി . അനിൽ കുമാർ ,<br>ശ്രീമതി.ഉമ തോമസ്,<br>ശ്രീ . സണ്ണി ജോസഫ് ,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് ഗൗരവത്തോടെ കാണുന്നുണ്ടോ; ഇത്തരമൊരു പ്രതിസന്ധിയിലേക്ക് ബോർഡിനെ നയിച്ച സാഹചര്യം വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ ഇത് ഗൗരവത്തോടെ കാണുകയും ആയതിന്റെ അടിസ്ഥാനത്തിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്തു വരുന്നു.<br><br>വിവിധ ഭവന വായ്പാ പദ്ധതികൾ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങളും, ഇളവുകളും അനുവദിച്ചതും, കൂടാതെ ദുർബ്ബല വിഭാഗക്കാരുടെ ഭവന വായ്പ പദ്ധതി എഴുതി തള്ളിയതിലും കോവിഡിന്റെ പരിണിതഫലമായി വാടകയിനത്തിൽ കുറവ് വന്നതും കോവിഡിന്റെ സാഹചര്യത്തിൽ ബോർഡ് ഏറ്റെടുത്ത നിർമ്മാണ പ്രവർത്തനങ്ങൾ മന്ദീഭവിച്ചതുമൊക്കെയാണ് ഈ സാഹചര്യത്തിന് കാരണം . |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭവന നിർമ്മാണ ബോർഡ് വഴി എത്ര പ്രോജക്ടുകൾ നടപ്പാക്കിയിട്ടുണ്ടെന്നും ഭവന നിർമ്മാണ ബോർഡിന് എത്ര രൂപ ബജറ്റ് വിഹിതമായി നൽകിയിട്ടുണ്ടെന്നും ഇതിൽ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഭവന നിർമ്മാണ ബോർഡ് വഴി നടപ്പിലാക്കിയ പ്രോജക്ടുകളുടെയും, ആയതിന് അനുവദിച്ച ബഡ്ജറ്റ് വിഹിതത്തിന്റെയും, ആയത് ചെലവഴിച്ചതിന്റെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (സി) | ഹഡ്കോ പോലെയുള്ള സ്ഥാപനങ്ങളിൽ നിന്നും ബോർഡിന് വായ്പ സ്വീകരിക്കുന്നതിനുള്ള സർക്കാർ ഗ്യാരണ്ടി പിൻവലിച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ; | (സി) | ഹഡ്കോ പോലെയുള്ള സ്ഥാപനങ്ങളിൽ നിന്നും ബോർഡിന് വായ്പ സ്വീകരിക്കുന്നതിനുള്ള സർക്കാർ ഗ്യാരന്റി നിലവിൽ ഇല്ല. |
| (ഡി) | കേന്ദ്ര നഗര വികസന വകുപ്പുമായി സഹകരിച്ച് നാഷണൽ ഹൗസിംഗ് ബാങ്കിന്റെ ധനസഹായത്തോടെ അർബൻ, റൂറൽ, റെസിഡൻഷ്യൽ ഡെവലപ്മെന്റ് പദ്ധതികൾ | (ഡി) | ഭവന നിർമ്മാണ ബോർഡ് അനുയോജ്യമായ പദ്ധതികൾ ലഭ്യമാക്കുന്ന പക്ഷം ആയവ പരിശോധിക്കാവുന്നതാണ്. |

| | | | |
|---|---|---|---|
| | നടപ്പാക്കുന്നതിന് ഭവന നിർമ്മാണ ബോർഡിന് ഫണ്ട് ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ; | | |
| (ഇ) | ജീവനക്കാരുടെയും പെൻഷൻകാരുടെയും ആനുകൂല്യങ്ങൾ പോലും വിതരണം ചെയ്യാൻ കഴിയാത്തതായി പറയപ്പെടുന്ന സാഹചര്യത്തിൽ ഭവന നിർമ്മാണ ബോർഡ് വഴി കൂടുതൽ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് ബോർഡിനെ പുനരുജ്ജീവിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (ഇ) | സംസ്ഥാന ഭവന നിർമ്മാണ ബോർഡിന്റെ നിലവിലെ സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിന് പുതിയ പദ്ധതികൾ നടപ്പിലാക്കിവരുകയാണ്. . പുതിയ വായ്പാ പദ്ധതി കൂടി നടപ്പിലാക്കിയാൽ മാത്രമേ ബോർഡിന് സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും കരകയറാൻ സാധിക്കുകയുള്ളൂ എന്നത് പരിഗണിച്ച് സർക്കാർ ജീവനക്കാർക്കു വേണ്ടിയുള്ള ഒരു പുതിയ വായ്പ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കൂടാതെ സർക്കാരിലെ വിവിധ വകുപ്പുകൾ ബോർഡിന് നിലവിൽ നല്കാനുള്ള കുടിശ്ശിക തുക ബോർഡിലേയ്ക്ക് അടപ്പിക്കാനുള്ള നടപടിയും സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | പദ്ധതി | ബഡ്ജറ്റിൽ വകയിരുത്തിയ തുക(ലക്ഷത്തിൽ) | റിലീസ് ചെയ്ത തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 2021-22 | ഗൃഹശ്രീ (P) | 2000.00 | 378.00 | 378.00 |
| | ട്രെയിനിംഗ് (P) | 225.00 | 225.00 | 167.90 |
| | വർക്കിംഗ് വിമൻസ് ഹോസ്റ്റൽ (P) കാസർഗോഡ് മധൂർ, വയനാട്, മാനന്തവാടി | 563.00 | 302.50 | 215.10 |
| | ആശ്വാസ് റെന്റൽ HS | 600.00 | 180.00 | 147.02 |
| | EWS / LIG ഭവന പദ്ധതി | 1300.00 | 600.00 | 145.60 |
| **ആകെ** | | **4688.00** | **1685.50** | **1053.62** |

S. Bindu

**സെക്ഷൻ ഓഫീസർ**